**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 975** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ഒ. ഇ. സി. സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്നതും പരമ്പരാഗത കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിൽ ഏർപ്പെടുന്നവരുമായ കുശവ സമുദായം ഒ. ഇ. സി. വിഭാഗത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ വിഭാഗത്തിന് ഒ. ഇ. സി. ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇവരുടെ സർട്ടിഫിക്കറ്റിൽ കുലാല, കുലാൻ, ആന്ദ്ധ്രർ നായർ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുശവൻ സമുദായം ഒ.ഇ.സി. വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ വിഭാഗത്തിന് ഒ.ഇ.സി. ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ട്. ടി വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റിൽ കുലാല, കുലാലൻ, ആന്ദ്ധ്രർ നായർ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചില വില്ലേജ് ഓഫീസർമാർ കുലാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ. ഇ. സി. സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കുലാല വിഭാഗം നിലവിൽ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അതിനാലാണ് വില്ലേജ് ഓഫീസർമാർ കുലാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകുവാൻ വിസമ്മതിക്കുന്നത്. |
| (സി) | കുലാല വിഭാഗക്കാർക്ക് ഒ. ഇ. സി. സർട്ടിഫിക്കറ്റ് നൽകുവാനുള്ള നിർദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കുലാല വിഭാഗക്കാരെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ